കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 6 | ഡിസംബർ 15 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 ജനപക്ഷ സർക്കാറിന് ജനസാഗരം പിന്തുണ: മന്ത്രി ശ്രീ. പി. പ്രസാദ്

3 സ്ത്രീശാക്തീകരണ രംഗത്ത് കേരളം രാജ്യത്തിന് മാതൃക : മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

4 നവകേരളത്തിന്റെ ലക്ഷ്യം അതിദാരിദ്രരില്ലാത്ത കേരളം : കൃഷിമന്ത്രി ശ്രീ. പി.പ്രസാദ്

ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം തുടങ്ങിക്കഴിഞ്ഞു. നവംബർ 18 ന് കാസർഗോഡ് മഞ്ചേശ്വരം മണ്ഡലത്തിൽ നിന്നാരംഭിച്ച നവകേരള സദസ് ഡിസംബർ 23 ന് വൈകിട്ട് തിരുവനന്തപുരം വട്ടിയൂർക്കാവിൽ സമാപിക്കും. നവകേരള സദസിന്റെ ഭാഗമായി ,മുഖ്യമന്ത്രിയും മന്ത്രിമാരും പര്യടനം നടത്തുന്ന മണ്ഡലങ്ങളിലെ പ്രത്യേക ക്ഷണിതാക്കളുമായി അന്നേ ദിവസം രാവിലെ  കൂടിക്കാഴ്ച നടത്തും. നവകേരള സദസ് നടക്കുന്ന വേദികളിൽ ജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. നവകേരള സദസ് ആരംഭിക്കുന്നതിന് 3 മണിക്കൂർ മുമ്പ് മുതൽ പരാതികൾ സ്വീകരിക്കും. മുഴുവൻ പരാതികളും സ്വീകരിക്കുന്നത് വരെ കൗണ്ടറുകൾ പ്രവർത്തിക്കും, മാർഗ്ഗനിർദ്ദേശങ്ങൾ കൗണ്ടറുകളിൽ പ്രദർശിപ്പിക്കും. മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, സ്ത്രീകൾ എന്നിവർക്ക് പ്രത്യക കൗണ്ടറുകളും ഉണ്ടായിരിക്കും. എല്ലാ പരാതികൾക്കും കൈപ്പറ്റ് രസീത് ലഭിക്കും. പരാതികളുടെ തീർപ്പുകൾ തപാലിൽ അറിയിക്കും. www. nava keralasadas. kerala Gov.in ൽ നിന്ന് രസീത് നമ്പരോ , പരാതിയിലുള്ള ഫോൺ നമ്പരോ നൽകിയാൽ പരാതികളുടെ സ്ഥിതി അറിയാം.

# 2025 ഓടെ കേരളം അതിദാരിദ്ര്യ രഹിത സംസ്ഥാനമായി മാറും : മന്ത്രി ശ്രീ. പി. പ്രസാദ്

2025 ഓടുകൂടി കേരളത്തിൽ അതിദരിദ്ര കുടുംബങ്ങൾ ഉണ്ടാവുകയില്ല. അതിദാരിദ്ര്യം കേരളത്തിൽ നിന്ന് തുടച്ചുനീക്കുന്നതിനുള്ള തീവ്ര ശ്രമത്തിലാണ് ഗവൺമെന്റ്. ലൈഫ് മിഷൻ പദ്ധതിപ്രകാരം കേരളത്തിൽ മൂന്നു ലക്ഷത്തി അമ്പത്തി ആറായിരത്തി നൂറ്റി എട്ട് വീടുകൾ ഇതിനകം നിർമ്മിച്ചു കഴിഞ്ഞു. വീട് നിർമ്മാണത്തിനായി 4 ലക്ഷം രൂപയും ആദിവാസി ദളിത് മേഖലകളിൽ 6 ലക്ഷം രൂപയുമാണ് ഗവൺമെന്റ് കൊടുക്കുന്നത്. സ്വന്തമായി വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഈ സർക്കാർ എന്നും ജനങ്ങളുടെ കൂടെയുണ്ടാവും എന്ന് മന്ത്രി പി പ്രസാദ്.

വടകര ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടന്ന നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

ജനപങ്കാളിത്തം കൊണ്ട് വടകരയിലെ നവ കേരള സദസ് പ്രൗഢഗംഭീരമായി. ജനസാഗരമാണ് വടകര ഇൻഡോർ സ്റ്റേഡിയത്തിലേക്ക് ഒഴുകിയെത്തിയത്. ഇത് നവകേരള സദസ്സിനെ ജനം ഏറ്റെടുത്തതിന് തെളിവാണ്.

ഗവൺമെന്റ് നടത്തുന്ന ജനോപകാരപ്രദമായ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും ജനങ്ങളുമായി സംവദിക്കുന്നതിനും ആണ് നവകേരള സദസ്.ജനങ്ങളുടെ ഇച്ഛാശക്തിയുടെ പ്രതിഫലനമായി ജനപങ്കാളിത്തത്തെ കാണണം. ജനാധിപത്യത്തിന്റെ പുതിയ മാതൃകയെ ലോകത്തിന് കാണിച്ചുകൊടുക്കുന്ന ഒന്നാണ് ഇത്.സമൂഹത്തിന്റെ സമസ്ത മേഖലകളിലും വിപുലമായ വികസനമാണ് ഈ ഗവൺമെന്റ് കാഴ്ചവെച്ചിരിക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഓരോ ദിനവും വെട്ടിക്കുറച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തെ സഹായിക്കേണ്ട കേന്ദ്ര ഗവൺമെന്റ് മുഖം തിരിഞ്ഞു നിൽക്കുന്നത് ദുഃഖകരമാണ്. ഷെഡ്യൂൾഡ് ബാങ്കുകൾ വഴി കർഷകർക്ക് ലോൺ നൽകുന്നതിൽ  വിമുഖത കാണിക്കുകയും സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ ശ്രമിക്കുന്നതുമാണ് കർഷക ആത്മഹത്യകൾക്ക് കാരണമായി മാറുന്നത്.



കേരകർഷകരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികളിൽ നിന്ന് കേന്ദ്രം പിറകോട്ട് പോവുകയാണ്. കേരഫെഡിനെ കൊപ്ര സംഭരണത്തിൽ നിന്ന് ഒഴിവാക്കിയത് അതിനുദാഹരണമാണ്.

കേരള സംസ്ഥാന സർക്കാർ വികസനവുമായി മുന്നോട്ടു പോകുമ്പോൾ അതിനോടൊപ്പം കൈകോർത്തു നിൽക്കുകയാണ് ചെയ്യേണ്ടത്. കണ്ണടച്ച് അന്ധകാരമാക്കുന്ന പ്രവണതയെ ജനം തള്ളിക്കളയും എന്ന് മനസ്സിലാക്കണം. സാധാരണക്കാരായ ജനങ്ങളുടെ സ്വപ്നങ്ങളെ ചേർത്തുപിടിച്ച് മുന്നോട്ടുപോകുന്ന ഗവൺമെന്റിനൊപ്പം എന്നും ഈ ജനങ്ങൾ ഉണ്ടാകും. മന്ത്രി ശ്രീ. പി പ്രസാദ് അഭിപ്രായപ്പെട്ടു.

ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിനു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# ജനപക്ഷ സർക്കാറിന് ജനസാഗരം പിന്തുണ: മന്ത്രി ശ്രീ. പി. പ്രസാദ്



നവ കേരള സദസ്സിന് ഓരോ ദിവസം ചെല്ലുന്തോറും പതിനായിരക്കണക്കിന് ആളുകളുടെ പിന്തുണയാണ് ലഭിക്കുന്നത്. ഓരോ മണ്ഡലങ്ങളിലെയും സദസ്സുകൾ നിറഞ്ഞു കവിയുന്ന കാഴ്ചകളാണ് കാണാൻ കഴിയുന്നത്. കേരളത്തിന്റെ മന്ത്രിസഭ ഒന്നാകെ ഓരോ മണ്ഡലങ്ങളിലും എത്തിച്ചേരുമ്പോൾ ജനസാഗരമാണ് വരവേൽക്കുന്നത്. നിലമ്പൂർ നിയോജകമണ്ഡലം നവ കേരള സദസ്സിൽ എത്തിച്ചേർന്ന ജനസാഗരത്തെ സാക്ഷിയാക്കി കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു.

പ്രതിപക്ഷത്തിന്റെ ബഹിഷ്കരണ ആഹ്വാനത്തെ ജനം തിരസ്കരിച്ചതിന്റെ പ്രത്യക്ഷ ലക്ഷണമാണ് ഇത്. ജനോപകാരപ്രദമായ ഒട്ടനവധി കാര്യങ്ങൾ ഈ സർക്കാർ ജനങ്ങൾക്ക് വേണ്ടി ചെയ്തിട്ടുണ്ട് എന്ന് ജനങ്ങൾക്ക് തിരിച്ചറിയാം. സാധാരണക്കാരന്റെ മനസ്സും മുഖവും പ്രതിഷ്ഠിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന ഒരു സർക്കാർ ആണ് ഇത്. മതനിരപേക്ഷതയ്ക്കുവേണ്ടി നില കൊള്ളുന്ന, ഛിദ്രശക്തികൾക്കെതിരെ ശക്തമായ നിലപാട് എടുക്കുന്ന, വികസനത്തിൽ വ്യക്തമായ നയവും കാഴ്ചപ്പാടുമുള്ള ഒരു സർക്കാർ ആണ് ഇടതുപക്ഷ സർക്കാർ. വാണിജ്യം, വ്യവസായം, കൃഷി, തൊഴിൽ, തദ്ദേശസ്വയംഭരണം, റവന്യൂ തുടങ്ങി സമസ്ത മേഖലകളിലും സമൂലമായ പരിവർത്തനമാണ് ഈ കഴിഞ്ഞ ഏഴര വർഷംകൊണ്ട് കേരളത്തിൽ ഉണ്ടായത്.

2025 നവംബർ ഓടെ കേരളത്തിൽനിന്ന് അതിദാരിദ്ര്യം തുടച്ചുനീക്കപ്പെടും. ഇതാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത തീരുമാനങ്ങളിൽ ഏറ്റവും സുപ്രധാനമായത്. കാർഷിക മേഖലയിൽ സമഗ്രമായ പുരോഗതി കാഴ്ചവയ്ക്കുവാൻ സാധിച്ചു. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കപ്പെട്ടത്. ഞങ്ങളും കൃഷിയിലേക്ക്, കേരഗ്രാമം തുടങ്ങിയ പദ്ധതികൾ വൻ വിജയമായിരുന്നു.

ഒരേസമയം വികസനവും കരുതലും ആണ് ഈ സർക്കാറിന്റെ മുഖമുദ്ര. കേന്ദ്ര ഗവൺമെന്റിന്റെ കടുത്ത അവഗണനയ്ക്കിടയിലും സാധാരണക്കാരന്റെ സ്വപ്നങ്ങളെ നെഞ്ചോട് ചേർത്ത് പിടിക്കുകയും വികസനത്തിൽ ലോകോത്തര നിലവാരത്തിലേക്ക് കേരളത്തെ മാറ്റിയെടുക്കുകയും ചെയ്യുവാൻ ഈ സർക്കാറിനു കഴിഞ്ഞിട്ടുണ്ട്.

# ജനപക്ഷ സർക്കാറിന് ജന പിന്തുണയേറുന്നു: മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി



വികസനത്തിന്റെ വ്യത്യസ്തമായ മാതൃക ലോകത്തിനു മുന്നിൽ അവതരിപ്പിച്ചുകൊണ്ട് മുന്നേറുന്ന സർക്കാറിന്റെ നയങ്ങൾക്കും പരിപാടികൾക്കും ജനപിന്തുണ ഏറുന്നു. വികസനത്തിൽ കേരളം രാജ്യത്തിന് ആകെ ഒരു മാതൃകയാണ്. അതി ദ്രുതഗതിയിലുള്ള വികസനമാണ് ഓരോ മേഖലകളിലും നടന്നുകൊണ്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യത്തിലും, പശ്ചാത്തല വികസനത്തിലും കേരളം ലോകോത്തര നിലവാരത്തിലേക്ക് ഉയർന്നിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയി

ലും ആരോഗ്യ മേഖലയിലും വ്യാവസായിക മേഖലയിലും പുരോഗതി നമുക്ക് കാണാൻ കഴിയും. മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി പറഞ്ഞു.

മലമ്പുഴ നിയോജകമണ്ഡലം നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്ന മന്ത്രി. നാല് ലക്ഷത്തോളം ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് ലഭിച്ചു. 3 ലക്ഷത്തോളം ആളുകൾക്ക് പട്ടയം അനുവദിച്ചു. കോവിഡ് കാലഘട്ടത്തിൽ ഏറ്റവും കുറവ് മരണസംഖ്യ രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. ആരോഗ്യമേഖല പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ഓരോ സ്കൂളുകളും ആധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു . ഏറ്റവും നല്ല അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്കൂളുകളാണ് ഇന്ന് കേരളത്തിൽ ഉള്ളത്. ആധുനിക രീതിയിലുള്ള ശാസ്ത്ര, കമ്പ്യൂട്ടർ ലാബുകളും

സ്മാർട്ട് ക്ലാസ്സ് മുറികളും ഇന്ന് ഉണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവ നൽകുന്നു.

കാർഷിക രംഗത്തും കേരളം മികച്ച പുരോഗതിയാണ് കാഴ്ചവച്ചിരിക്കുന്നത്. പച്ചക്കറി കൃഷി വളരെയധികം വർദ്ധിച്ചു.പിഎസ് സി. നിയമനങ്ങളിൽ വൻ പുരോഗതിയാണ് ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായത്. തൊഴിൽ മേഖല ശക്തിപ്പെട്ടു.നവ സംരംഭകർ സംരംഭങ്ങൾ തുടങ്ങാൻ ഏറ്റവും കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം വളർന്നു. പുതിയ സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രൂപംകൊണ്ടു.

ഇത്തരം വികസന പ്രവർത്തനങ്ങളെ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്തതിന്റെ പ്രതിഫലനമാണ് ഓരോ നവകേരള സദസ്സിലും തടിച്ചുകൂടുന്ന ഈ ജനാവലി. മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി അഭിപ്രായപ്പെട്ടു.

# സ്ത്രീശാക്തീകരണ രംഗത്ത് കേരളം രാജ്യത്തിന് മാതൃക : മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

കുടുംബശ്രീ പ്രസ്ഥാനം സ്ത്രീശാക്തീകരണ രംഗത്ത് കേരളത്തെ രാജ്യത്തിന് മുന്നിൽ മാതൃകയാക്കി മാറ്റിയെന്നും, ഇന്ത്യൻ രാഷ്ട്രപതി തന്നെ ഇത് സാക്ഷ്യപ്പെടുത്തിയട്ടുള്ളതാണെന്നും മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി പറഞ്ഞു. കുന്നംകുളം നിയോജകമണ്ഡലം നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്ന മന്ത്രി. അതിദ്രുതഗതിയിലുള്ള വികസനമാണ് ഓരോ മേഖലകളിലും നടന്നുകൊണ്ടിരിക്കുന്നത്. കിഫ്ബിയിലൂടെ 82000 കോടി രൂപയുടെ വികസനം അടിസ്ഥാന സൗകര്യരംഗത്ത് നടപ്പിലാക്കി. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും വ്യാവസായിക മേഖലയിലും പുരോഗതി നമുക്ക് കാണാൻ കഴിയും. മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി പറഞ്ഞു. അതിദാരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട 64,000 കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള വിവിധ പദ്ധതികളുമായി സർക്കാർ മുന്നോട്ട് പോവുകയാണ്. ഈ സർക്കാരിൻ്റെ കാലയളവിൽ തന്നെ അതിദാരിദ്രം സംസ്ഥാനത്ത് നിന്നും തുടച്ചുനീക്കും.




നാല് ലക്ഷത്തോളം ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് ലഭിച്ചു. 3 ലക്ഷത്തോളം ആളുകൾക്ക് പട്ടയം അനുവദിച്ചു. കോവിഡ് കാലഘട്ടത്തിൽ ഏറ്റവും കുറവ് മരണസംഖ്യ രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. ഏറ്റവും നല്ല അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്കൂളുകളാണ് ഇന്ന് കേരളത്തിൽ ഉള്ളത്. ആധുനിക രീതിയിലുള്ള ശാസ്ത്ര, കമ്പ്യൂട്ടർ ലാബുകളും സ്മാർട്ട് ക്ലാസ്സ് മുറികളും ഇന്ന് ഉണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവ നൽകുന്നു.

കാർഷിക രംഗത്തും കേരളം മികച്ച പുരോഗതിയാണ് കാഴ്ചവച്ചിരിക്കുന്നത്. പച്ചക്കറി കൃഷി വളരെയധികം വർദ്ധിച്ചു.പിഎസ് സി. നിയമനങ്ങളിൽ വൻ പുരോഗതിയാണ് ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായത്. തൊഴിൽ മേഖല ശക്തിപ്പെട്ടു.നവസംരംഭകർ സംരംഭങ്ങൾ തുടങ്ങാൻ ഏറ്റവും കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം വളർന്നു. പുതിയ സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രൂപംകൊണ്ടു.

ഇത്തരം വികസന പ്രവർത്തനങ്ങളെ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്തതിന്റെ പ്രതിഫലനമാണ് ഓരോ നവകേരള സദസ്സിലും തടിച്ചുകൂടുന്ന ഈ ജനാവലി മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി അഭിപ്രായപ്പെട്ടു.

# നവകേരളത്തിന്റെ ലക്ഷ്യം അതിദാരിദ്രരില്ലാത്ത കേരളം : കൃഷിമന്ത്രി ശ്രീ. പി.പ്രസാദ്



2025 ഓടെ അതി ദാരിദ്രരില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുമെന്ന് കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് പറഞ്ഞു. 64000 കുടുംബങ്ങളാണ് കേരളത്തിലെ അതി ദാരിദ്രലിസ്റ്റിലുള്ളത്. 40000 കുടുംബങ്ങളെ ഇതിനകം തന്നെ അതിദാരിദ്രത്തിൽ നിന്നും മോചിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിവേഗം അതിദാരിദ്ര നിർമ്മാർജ്ജനമെന്ന ലക്ഷ്യം കൈവരിക്കുമെന്നും മന്ത്രി പറഞ്ഞു. ഗുരുവായൂർ നിയോജകമണ്ഡലം നവകേരള സദസ്സിനെ അതിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന നവകേരളസദസ്സ് ജനാധിപത്യത്തിന്റെ ഏറ്റവും മാതൃകാപരമായ പരിപാടിയാണ്. ഇത് ലോകത്തിൽ തന്നെയാദ്യമാണ്. നവകേരള സദസ്സിന് ഓരോ ദിവസം ചെല്ലുന്തോറും പതിനായിരക്കണക്കിന് ആളുകളുടെ പിന്തുണയാണ് ലഭിക്കുന്നത്. ഓരോ മണ്ഡലങ്ങളിലെയും സദസ്സുകൾ നിറഞ്ഞു കവിയുന്ന കാഴ്ചകളാണ് കാണാൻ കഴിയുന്നത്. കേരളത്തിന്റെ മന്ത്രിസഭ ഒന്നാകെ ഓരോ മണ്ഡലങ്ങളിലും എത്തിച്ചേരുമ്പോൾ ജനസാഗരമാണ് വരവേൽക്കുന്നത്.

കേന്ദ്ര സർക്കാരിൽ നിന്നും കടുത്ത അവഗണനയാണ് നേരിടുന്നത്. പല വിഭാഗങ്ങളിലായി 52000 കോടി രൂപ കേന്ദ്രം അനുവദിച്ചു തരാൻ ഉണ്ട്. നെല്ല് സംഭരണം ചെയ്തതിന്റെ വകയിൽ കർഷകർക്ക് കൊടുക്കാനുള്ള 792 കോടി രൂപ ഇനിയും അനുവദിച്ചു തന്നിട്ടില്ല. കേരളത്തിന് കിട്ടേണ്ട പല അർഹമായ ആനുകൂല്യങ്ങളും നിഷേധിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ എടുത്തിരിക്കുന്നതെന്നും കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു.

# വിദ്യാഭ്യാസരംഗത്ത് കേരളം സമഗ്രപുരോഗതി കൈവരിച്ചു: മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

വിദ്യാഭ്യാസരംഗത്ത് സമഗ്രപുരോഗതി കൈവരിച്ച സംസ്ഥാനമാണ് കേരളമെന്ന് മൃഗ സംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി പറഞ്ഞു. ഏറ്റവും നല്ല അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്കൂളുകളാണ് ഇന്ന് കേരളത്തിൽ ഉള്ളത്. ആധുനിക രീതിയിലുള്ള ശാസ്ത്ര, കമ്പ്യൂട്ടർ ലാബുകളും സ്മാർട്ട് ക്ലാസ്സ് മുറികളും ഇന്ന് ഉണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവയും സർക്കാർ നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. മണലൂർ നിയോജക മണ്ഡലം നവകേരള സദസ്സ് അതിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യ മേഖലയിലും വ്യാവസായിക മേഖലയിലും തുടങ്ങി സമസ്ത മേഖലയിലും പുരോഗതി കാണാൻ കഴിയും. അതിദ്രുതഗതിയിലുള്ള വികസനമാണ് ഓരോ മേഖലകളിലും നടന്നുകൊണ്ടിരിക്കുന്നത്. കിഫ്ബിയിലൂടെ 82000 കോടി രൂപയുടെ വികസനം അടിസ്ഥാന സൗകര്യരംഗത്ത് നടപ്പിലാക്കി. പി എസ് സിയുടെ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് ഈ സർക്കാർ തൊഴിൽ നൽകി. തൊഴിൽ മേഖല ശക്തിപ്പെട്ടു. യുവതലമുറ സംരംഭങ്ങൾ തുടങ്ങാൻ ഏറ്റവും കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം വളർന്നു. പുതിയ സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രൂപംകൊണ്ടു.

ഇത്തരം വികസന പ്രവർത്തനങ്ങളെ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്തതിന്റെ പ്രതിഫലനമാണ് ഓരോ നവകേരള സദസ്സിലും തടിച്ചുകൂടുന്ന ഈ ജനാവലി മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി അഭിപ്രായപ്പെട്ടു.

# കേന്ദ്രം കാട്ടുന്നത് ക്രൂരമായ അവഗണന: കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

വികസന കാര്യത്തിൽ കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്നത് ക്രൂരമായ അവഗണനയാണെന്ന് കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് പറഞ്ഞു. നെല്ല് സംഭരണം ചെയ്തതിന്റെ വകയിൽ കർഷകർക്ക് കൊടുക്കാനുള്ള 792 കോടി രൂപ ഇനിയും അനുവദിച്ചു തന്നിട്ടില്ല. കേരളത്തിന് കിട്ടേണ്ട പല അർഹമായ ആനുകൂല്യങ്ങളും കേന്ദ്രസർക്കാർ നിഷേധിക്കുകയാണ്. വിവിധ ഇനങ്ങളിലായി 52000 ഓളം കോടി രൂപ കേന്ദ്രം അനുവദിച്ചു തരാൻ ഉണ്ട്. തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിച്ച തൃശ്ശൂർ നിയോജകമണ്ഡലത്തിന്റെ നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി




കേരളത്തിൽ 64,000ത്തിൽ പരം അതിദരിദ്ര കുടുംബങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ 47.8% കുടുംബങ്ങളുടെ അതിദാരിദ്ര്യാവസ്ഥ മാറ്റാൻ ഈ സർക്കാറിന് ഇതിനോടകം കഴിഞ്ഞു. 2025 നവംബറിൽ ഇന്ത്യയിലെ ആദ്യ അതിദരിദ്രരഹിത സംസ്ഥാനമായി കേരളം മാറും. കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു



തൃശ്ശൂർ ജില്ലയിലെ ചൂർകഞ്ചേരിയിലെ കണിമംഗലം പാടശേഖരത്തിൽ ബഹു കൃഷി വകുപ്പ് മന്ത്രി ശ്രീ.പി. പ്രസാദ് സന്ദർശനം നടത്തുന്നു. ഇവിടെ 900 ഏക്കർ കോൾ പാടത്ത് നെൽകൃഷി ചെയ്തു വരുന്നു.

# നവകേരള സദസ്സിനെ കൊടുങ്ങല്ലൂർ നവകേരള ജനസാഗരമാക്കി മാറ്റി : കൃഷിമന്ത്രി ശ്രീ.പി. പ്രസാദ്

നവകേരള സദസ്സിനെ കൊടുങ്ങല്ലൂർ മണ്ഡലം നവകേരള ജനസാഗരമാക്കി മാറ്റിയെന്ന് കൃഷിമന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു. മാള സെന്റ്. ആന്റണീസ് സ്കൂൾ ഗ്രൗണ്ടിൽ നടന്ന കൊടുങ്ങല്ലൂർ മണ്ഡലം നവകേരള സദസ്സിനെ അതിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന നവകേരളസദസ്സ് ജനാധിപത്യത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകയാണ്. കേരളത്തിന്റെ മന്ത്രിസഭ ഒന്നാകെ ഓരോ മണ്ഡലങ്ങളിലും എത്തിച്ചേരുമ്പോൾ ജനസാഗരമാണ് വരവേൽക്കുന്നത് മന്ത്രി പറഞ്ഞു.

കേരളത്തിൽ 64,000 അതിദരിദ്ര കുടുംബങ്ങളാണ് ഉള്ളത്. ഈ സർക്കാർ നടപ്പിലാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിലൂടെ ഇപ്പോൾ 47.8% കുടുംബങ്ങളുടെ അതിദാരിദ്ര്യാവസ്ഥ മാറ്റാൻ ഈ സർക്കാറിന് കഴിഞ്ഞു. 2025 നവംബറോടെ ദാരിദ്ര്യത്തെ പൂർണ്ണമായി തുടച്ചുനീക്കാൻ സാധിക്കുമെന്നും, കേരളം ഇന്ത്യയിലെ ആദ്യ ദാരിദ്ര്യരഹിത സംസ്ഥാനമായി മാറുമെന്നും മന്ത്രി പറഞ്ഞു.

എല്ലാ മേഖലകളിലും സമഗ്രപുരോഗതി കൈവരിക്കുവാൻ നമ്മുടെ നാടിന് കഴിഞ്ഞു. കാർഷിക മേഖലയും മുന്നോട്ടുള്ള പാതയിലാണ്. കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷികവിളകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കേരളാഗ്രോ ബ്രാൻഡിന് കീഴിൽ വിവിധ ഓൺലൈൻ/ഓഫ് ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങളിലേക്ക് എത്തിക്കുന്ന പദ്ധതി ആരംഭിച്ചു. പതിനായിരം കൃഷിക്കൂട്ടങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിടത്ത് അതിന്റെ ഇരട്ടി കൃഷിക്കൂട്ടങ്ങൾ ആരംഭിച്ചു. കഴിഞ്ഞ ഏഴര വർഷക്കാലം കൊണ്ട് പച്ചക്കറി ഉൽപ്പാദനത്തിൽ ഇരട്ടിയിലധികം വർദ്ധനവ് ഉണ്ടാക്കുവാൻ സാധിച്ചുവെന്നും മന്ത്രി പറഞ്ഞു.




കേന്ദ്ര സർക്കാർ കേരളത്തോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. പല ഇനങ്ങളിലായി 52000 കോടി രൂപ കേന്ദ്രം അനുവദിച്ചു തരാനുണ്ട്. നെല്ല് സംഭരണം ചെയ്തതിന്റെ വകയിൽ കർഷകർക്ക് കൊടുക്കാനുള്ള 792 കോടി രൂപ ഇനിയും അനുവദിച്ചു തന്നിട്ടില്ല. കേരളത്തിന് ലഭിക്കേണ്ട പല അർഹമായ ആനുകൂല്യങ്ങളും കേന്ദ്രസർക്കാർ നിഷേധിക്കുമ്പോഴും കേരള ജനതയെ ചേർത്ത് നിർത്തുന്ന നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

# ആരോഗ്യ – വിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിന് മാതൃക : മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി

ആരോഗ്യ - വിദ്യാഭ്യാസ മേഖലകൾ ഉടങ്ങി എല്ലാ മേഖലകളിലും കേരളം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണെന്ന് മൃഗ സംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി പറഞ്ഞു. പുതുക്കാട് നിയോജകമണ്ഡലത്തിൽ നടന്ന നവകേരള സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്ന മന്ത്രി. സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകം, ഉച്ചഭക്ഷണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മുതൽ ഉയർന്ന പഠന നിലവാരത്തോടെയുള്ള ഡിജിറ്റൽ സംവിധാനങ്ങളാണ് കേരളത്തിലെ സ്കൂളുകളിലുള്ളത്. പുതിയതായി സർക്കാർ സ്കൂളിൽ പ്രവേശിച്ച കുട്ടികളുടെ കണക്കുകൾ വിദ്യാഭ്യാസരംഗത്തെ പുരോഗതിയെ ശരിവെയ്ക്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

അതിദരിദ്രരായ ജനങ്ങളുടെ ഉന്നമനത്തിന് വേണ്ടി സർക്കാർ വിവിധ പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. 2025 ഓടെ അതിദരിദ്രർ ഇല്ലാത്ത രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ സാധിക്കും. വ്യാവസായിക രംഗത്തും വലിയ മുന്നേറ്റമാണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നത്. ഒരു വർഷം കൊണ്ട് 1.40 ലക്ഷത്തിലേറെ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനായി. മികച്ച വ്യവസായ സൗഹൃദ അന്തരീക്ഷം നമുക്ക് സൃഷ്ടിക്കാൻ കഴിഞ്ഞു. ഇതിലൂടെ വ്യവസായ ഹബ്ബ് കേരളത്തിൽ രൂപപ്പെടുത്താനുള്ള പ്രവർത്തനങ്ങളിലേക്കാണ് നവകേരളം പോകുന്നതെന്നും മന്ത്രി




കൂട്ടിച്ചേർത്തു.

കാർഷിക മേഖലയിൽ സമഗ്രമായ പുരോഗതി കൈവരിക്കാൻ സാധിച്ചതും ശ്രദ്ധേയമാണ്. കർഷക കടാശ്വാസ കമ്മീഷൻ നടപ്പിലാക്കിയ രാജ്യത്തെ ആദ്യ സംസ്ഥാനവും കേരളമാണ്.

പൊതുമരാമത്ത്, ക്ഷീരമേഖല, ഭക്ഷ്യമേഖല തുടങ്ങി എല്ലാ മേഖലകളിലും കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളതെന്നും മന്ത്രി കൂട്ടിച്ചേർത്തു.



നവകേരള സദസ്സിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ കറുകുറ്റി കൃഷി ഭവൻ പരിധിയിൽ വരുന്ന കർഷകരായ ആനീ യൂജിൻ, സ്റ്റീഫൻ ദമ്പതികളുടെ കൃഷിയിടം കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് സന്ദർശിച്ചു. ഏകദേശം ഒരേക്കർ സ്ഥലത്ത് വിവിധയിനം ഫല വൃക്ഷങ്ങൾ സമൃദ്ധമായി വളർത്തുന്നു. വിവിധയിനം പ്ലാവുകൾ റംബൂട്ടാൻ, മാംഗോസ്റ്റീൻ, ആപ്പിൾ, ഗാക് ഫ്രൂട്ട് , മിറാക്കിൾ ഫ്രൂട്ട് എന്നിവ ഇവിടെയുണ്ട്. കുളത്തിൽ റെഡ് തിലാപ്പിയ, ഗൗരാമി, എന്നീ മത്സ്യങ്ങളെ വളർത്തുന്നു. മക്കോട്ട ദേവ, കേശവർധിനി എന്നീ ഔഷധ സസ്യങ്ങളും വീട്ടു വളപ്പിൽ ഉണ്ട്.

# സംസ്ഥാനം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കും : ശ്രീമതി. ജെ.ചിഞ്ചുറാണി

സംസ്ഥാനം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്ന് മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി പറഞ്ഞു. കാർമൽ സ്കൂൾ ഗ്രൗണ്ടിൽ നടന്ന ചാലക്കുടി നിയോജകമണ്ഡലം നവകേരള സദസ്സിനെ അതിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്ന മന്ത്രി. വീട്ടുമുറ്റങ്ങളിൽ ചികിത്സ, രാത്രികാലത്ത് അടിയന്തര സേവനം ഉറപ്പാക്കൽ എന്നിവ നടപ്പാക്കി മൃഗസംരക്ഷണ മേഖലയിലും ക്ഷീര വികസന മേഖലയിലും സംസ്ഥാനം മുന്നോട്ടുള്ള പാതയിലാണ്. വ്യവസായ മേഖലയെ ശക്തിപ്പെടുത്തി. സംരംഭകരും സംരംഭങ്ങളും വർദ്ധിച്ചു. ഈ വർഷം മാത്രം 15000 ലധികം നിയമനങ്ങൾ പി എസ് സി മുഖേന നൽകി. സർവകലാശാലകളെ ഉന്നത നിലവാരത്തിൽ എത്തിച്ചു.

പ്രകടനപത്രികയിലെ വാഗ്ദാനങ്ങളെല്ലാം നിറവേറ്റിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. മൂന്ന് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തു. ലൈഫ് മിഷനിലൂടെ നാല് ലക്ഷത്തോളം ഭവനങ്ങൾ നിർമ്മിച്ചു നൽകി. ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, കാർഷികം തുടങ്ങി സമസ്ത മേഖലകളിലും രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ വലിയ പുരോഗതിയാണ് കേരളം കൈവരിച്ചത്.

എണ്ണമറ്റ വികസനക്ഷേമ പ്രവർത്തനങ്ങൾ സാക്ഷാത്കരിച്ച് മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിന് ലഭിക്കുന്ന പിന്തുണയാണ് നവകേരള സദസ്സിലെ സ്വീകാര്യതയെന്നും മന്ത്രി വ്യക്തമാക്കി.

# സർക്കാർ നടപ്പാക്കുന്നത് വികസന ക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ച : മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി

ഒന്നാം പിണറായി സർക്കാർ നടപ്പാക്കിയ വികസനക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് സർക്കാർ നടപ്പാക്കുന്നതെന്ന് ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ജെ ചിഞ്ചുറാണി. കൊച്ചി മണ്ഡലം നവകേരള സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്ന മന്ത്രി.

പ്രകടനപത്രികയിലെ എല്ലാ വാഗ്ദാനങ്ങളും നിറവേറ്റിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, സാംസ്കാരികം, വ്യവസായം, കാർഷികം തുടങ്ങി സമസ്ത മേഖലകളിലും പുരോഗതി കൈവരിച്ചു.

ഇതുവരെ നാല് ലക്ഷത്തോളം ഭവനങ്ങൾ നിർമ്മിച്ചു നൽകി. മൂന്ന് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തു.

കോവിഡ് കാലത്ത് സൗജന്യ ചികിത്സ ഉറപ്പാക്കി മരണനിരക്ക് കുറച്ചു. പി എച്ച് സി, സി എച്ച് സി, താലൂക്ക് - ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഹൈടെക് ആധുനിക സംവിധാനങ്ങൾ ഒരുക്കി. വിദ്യാഭ്യാസ മേഖലയിലും സമഗ്ര പുരോഗതിയാണ് കൈവരിച്ചത്. സർവകലാശാലകളെ ഉന്നത നിലവാരത്തിൽ എത്തിച്ചു. ഒരു വർഷം കൊണ്ട് 15000 ലധികം നിയമനങ്ങൾ പി എസ് സി മുഖേന നൽകി. മൃഗസംരക്ഷണത്തിലും മുൻപന്തിയിലാണ്. വീട്ടുമുറ്റങ്ങളിൽ ചികിത്സ, രാത്രികാലത്ത് അടിയന്തര സേവനം ഉറപ്പാക്കൽ എന്നിവ നടപ്പാക്കി. പൂട്ടിക്കിടന്ന സ്ഥാപനങ്ങൾ തുറന്നത് ഉൾപ്പെടെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ച് വ്യവസായ മേഖലയെ ശാക്തീകരിച്ചു. സംരംഭകരും സംരംഭങ്ങളും വർദ്ധിച്ചു. എണ്ണമറ്റ വികസനക്ഷേമ പ്രവർത്തനങ്ങൾ സാക്ഷാത്കരിച്ച് മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിന് ലഭിക്കുന്ന പിന്തുണയാണ് നവകേരള സദസ്സിലെ ജനസാഗരമെന്നും മന്ത്രി വ്യക്തമാക്കി.




ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh